I ഇ.ബി. XII - കേരള നിയമസഭ/XVII-6

# പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഫെബ്രുവരി 14, തിങ്കൾ

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

മായം ചേർക്കൽ നിരോധന നിയമം

മി.സ്പീക്കർ: കേന്ദ്ര സർക്കാർ വിജ്ഞാപനത്തിലൂടെ അസാധുവാക്കിയ 1954-ലെ ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ നിരോധനനിയമത്തിന്റെ അടിസ്ഥാനത്തിൽ കേസുകളെടുക്കുകയും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും നിയമനത്തട്ടിപ്പ് നടത്തുകയും ചെയ്യുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ. ബി. ഗണേഷ് കുമാർ, കെ.പി. മോഹനൻ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: 1954-ലെ പി.എഫ്.എ. ആക്ടിനുശേഷം 2006-ൽ ഭക്ഷ്യസുരക്ഷയേയും നിലവാരത്തേയും സംബന്ധിച്ച പുതിയ നിയമം വരികയും 19-01-2011-ൽ ഡ്രാഫ്റ്റ് റൂൾ പ്രസിദ്ധീകരിക്കുകയുമുണ്ടായി. ഈ മാസം 19 വരെ ഡ്രാഫ്റ്റ് റൂളിനെ സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കാനുള്ള സമയപരിധിയുള്ളതുകൊണ്ട് ആക്ടിന്റെ ഭാഗമായുള്ള ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ടില്ല. ചട്ടങ്ങൾ കേന്ദ്ര ഗവൺമെന്റ് ഫൈനലൈസ് ചെയ്യുന്നതിനുമുമ്പ് രാജ്യത്താകമാനം നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിലാണ് പി.എഫ്.എ. ആക്ട് അനുസരിച്ച് സംസ്ഥാനത്ത് നടപടികൾ എടുക്കുന്നത്. പ്രസ്തുത ആക്ടിന്റെ ഭാഗമായി കേരളത്തിൽ മാത്രമാണ് കമ്മീഷണറേറ്റ് രൂപീകരിച്ച് നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: 1954-ലെ പി.എഫ്.എ. ആക്ടിനെക്കുറിച്ചുണ്ടായ ഗൗരവമായ ആക്ഷേപങ്ങളിലൊന്നാണ് ചെറിയ കച്ചവടക്കാർ അടക്കം ഭക്ഷ്യസാധനങ്ങൾ കൈകാര്യം ചെയ്യുന്ന നിരപരാധികളായ ആളുകൾക്കുപോലും ഒരു വർഷം തടവ് കിട്ടുന്നുവെന്നുള്ളത്. ഈ പ്രൊവിഷൻ മാറ്റുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ജോയിന്റ് പാർലമെന്ററി കമ്മീഷന്റെയും ലാ കമ്മീഷന്റെയും നിർദ്ദേശപ്രകാരം അന്താരാഷ്ട്ര നിലവാരത്തിന് അനുയോജ്യമായ വിധത്തിൽ 2006-ൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് എന്ന പുതിയ നിയമം കൊണ്ടുവരികയും തുടർന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അസാധാരണ ഗസറ്റിലൂടെ 2010 ജൂലൈ 29-ാം തീയതി പ്രൊഹിബിഷൻ

ഓഫ് ഫുഡ് അഡൾട്രേഷൻ ആക്ട് അസാധുവാക്കുകയുമുണ്ടായി. നിയമം ഇല്ലാതായിട്ടും സംസ്ഥാന ഗവൺമെന്റ് പി.എഫ്.എ. ആക്ട് അനുസരിച്ച് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെ കേസ്സെടുക്കുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുകയാണ്. പി.എഫ്.എ. നിയമം നിലവിലില്ലെന്ന വിവരം സംസ്ഥാന ഗവൺമെന്റിന് വ്യക്തമായി അറിയാമായിരുന്നിട്ടും ലബോറട്ടറികളിൽ അനലിസ്റ്റുകളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് വന്നപ്പോൾ പുതിയ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം മാത്രമേ നിയമനം നടത്താൻ സാധിക്കുകയുള്ളുവെന്നാണ് ഗവൺമെന്റ് അഫിഡവിറ്റ് നൽകിയത്. ഒരേ സമയം അഫിഡവിറ്റ് കൊടുക്കുകയും വേറൊരു ഉത്തരവിലൂടെ ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തു. 2010 ഡിസംബർ 14-ാം തീയതി ഇറക്കിയ ഉത്തരവിലൂടെ ഇല്ലാത്ത നിയമത്തിന്റെ പേരിൽ 9 പബ്ലിക് അനലിസ്റ്റുമാരെ ഗവൺമെന്റ് ലബോറട്ടറികളിൽ നിയമിച്ചിരിക്കുന്ന നടപടി വ്യക്തമായ നിയമനത്തട്ടിപ്പ് നടത്തിയതിന് തെളിവാണ്. അനധികൃതമായി നിയമിച്ച ഉദ്യോഗസ്ഥർ മായം ചേർക്കുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകളുടെ പരിശോധന സംബന്ധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടുകൾക്ക് നിയമസാധുതയുണ്ടായിരിക്കുകയില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള മുനിസിപ്പാലിറ്റികളിലും ഈ നിയമം അനുസരിച്ച് ഹെൽത്ത് ഇൻസ്പെകട്ർമാരെ നിയമിക്കാനുള്ള നീക്കം നടക്കുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ പാലിന്റേയും പാലുൽപ്പന്നങ്ങളുടേയും ഗുണനിലവാരം പരിശോധിക്കാൻ പുതിയ നിയമം ഉണ്ടാക്കാൻ ശ്രമിക്കുന്നു. ഇതൊന്നും നിലനിൽക്കില്ല. സംസ്ഥാന സർക്കാരിന്റെ

നടപടികൾ നിയമ വിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണ്. നിയമപരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ള ഈ പ്രശ്നം സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): പി.എഫ്.എ. ആക്ട് 29-7-2010-ൽ കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷനിലൂടെ അസാധുവാക്കി. പക്ഷേ 2006-ൽ ഫുഡ് സേഫ്ടി ആക്ട് നിലവിൽ വന്നശേഷം 2011 ജനുവരി 19-നാണ് ഡ്രാഫ്റ്റ് റൂൾസ് ആദ്യമായി ഇൻഡ്യയിൽ പ്രസിദ്ധീകരിക്കുന്നത്. ആ റൂൾസ് പ്രകാരം ആക്ഷേപം കേൾക്കാൻ പൊതുജനത്തിന് ഒരുമാസത്തെ സമയം നൽകിയിട്ടുണ്ട്. ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. പി.എഫ്.എ. ആക്ട് അനുസരിച്ച് കേസ്സെടുത്താൽ നിലനിൽക്കുമോയെന്ന് പരിശോധിക്കാൻ നിയമവകുപ്പിനോട് ആവശ്യപ്പെടാം. ആരോഗ്യ വകുപ്പിൽ പി.എഫ്.എ. ആക്ട് കൈകാര്യം ചെയ്യാൻ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ ഡെപ്യൂട്ടി ഡയറക്ടർ ആരോഗ്യ വകുപ്പിലെ തസ്തികയാണ്. ചട്ടപ്രകാരം പ്രൊമോഷൻ വഴിയാണ് ഈ തസ്തികയിൽ നിയമനം നടത്തുന്നത്. അർഹതപ്പെട്ടവർക്ക് പ്രൊമോഷൻ നൽകാനായാണ് ഈ പോസ്റ്റിലേയ്ക്ക് നിയമനം നൽകിയത്. മായം ചേർക്കൽ നിരോധന നിയമപ്രകാരം പ്രവർത്തിക്കേണ്ട വകുപ്പുകൾ ഒരു സംവിധാനത്തിന്റെ കീഴിൽ വരുന്നതിനായി ചില കാര്യങ്ങൾ ചെയ്തതല്ലാതെ നിയമവിരുദ്ധമായി പ്രവർത്തിച്ചിട്ടില്ല. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): നിയമം അസാധുവായ ശേഷം ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ തുടരുന്നത്

അത്യന്തം ഗൗരവതരമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ നിയമസാധുത യെക്കുറിച്ച് സഭയെ അറിയിക്കണം.

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ : പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട നിയമവശം പരിശോധിച്ചതിനുശേഷം സഭയെ അറിയിക്കാം.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

**ശ്രദ്ധക്ഷണിക്കൽ**

(1) വിളപ്പിൽശാല ചവർ സംസ്കരണ ഫാക്ടറി

ശ്രീ. എൻ. ശക്തൻ : വിളപ്പിൽശാല ചവർ സംസ്കരണ ഫാക്ടറി എത്രയുംവേഗം അടച്ചു പൂട്ടേണ്ടതാണ്. ഔഷധ തോട്ടം നിർമ്മിക്കുന്നതി നെന്ന വ്യാജേന ഏറ്റെടുത്ത സ്ഥലത്ത് 11 വർഷമായി ചവർ ഫാക്ടറി പ്രവർത്തിക്കുകയാണ്. തിരുവനന്തപുരം നഗരത്തിലെ ചവർ മുഴുവൻ അവിടെ നിക്ഷേപിക്കുന്നതുകൊണ്ട് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഇതുവരെ പരിഹാരമുണ്ടായി ട്ടില്ല. ചരിഞ്ഞ പ്രദേശമായതിനാൽ ചവർ കൂനകൂട്ടിയിടുന്നതുകൊണ്ട് മലിന ജലം കുടിവെള്ള സ്രോതസ്സുകളിൽ ഒലിച്ചിറങ്ങുന്നു. മലിനജലം കലർന്നിട്ടു ണ്ടെന്ന പരാതിയെത്തുടർന്ന് ജലം പരിശോധിച്ചതനുസരിച്ച് മലമുകൾ പമ്പ് ഹൗസ് അടച്ചുപൂട്ടാൻ നിർദ്ദേശിച്ചിരിക്കുകയാണ്. ഈച്ചശല്യം ഒഴിവാക്കാൻ മാരക വിഷദ്രാവകം ഉപയോഗിക്കുന്നതിനാൽ ജനങ്ങളുടെ ശരീരം ചൊറിഞ്ഞ് വ്രണമാകുകയും ആസ്ത്മ, ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ അസുഖങ്ങൾ പടർന്നുപിടിക്കുകയും കൊച്ചുകുട്ടികളുടെ കാഴ്ചശക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. ഭൂരിഭാഗം ആളുകളും വീടും വസ്തുക്കളും ഉപേക്ഷിച്ച് അവിടെനിന്ന് പോയിക്കഴിഞ്ഞു. കൃഷി ചെയ്യാനാ

കാതെ ആയിരത്തിഅഞ്ഞൂറോളം ഏക്കർ ഭൂമി തരിശായി കിടക്കുകയാണ്. പട്ടികളുടെ ശല്യവും രൂക്ഷമായിരിക്കുന്നു. ചവർ സംസ്ക്കരണ ഫാക്ടറിക്ക് പഞ്ചായത്തിന്റെ ലൈസൻസില്ല. വൈദ്യുതി കണക്ഷൻ കട്ട് ചെയ്തുകഴിഞ്ഞു, ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് സമിതികളും ഈ സ്ഥാപനം അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ടിട്ട് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ ഫാക്ടറി അടച്ചുപൂട്ടണമെന്ന ആവശ്യവുമായി ജാതി-മത-സമുദായ-രാഷ്ട്രീയ സംഘടനകളും റസിഡൻസ് അസോസിയേഷനുകളും സജീവ സമരത്തിലാണ്. വീട്ടിൽനിന്നും ചവർ കളക്ട് ചെയ്യുമ്പോൾത്തന്നെ കുപ്പിച്ചില്ലും പ്ലാസ്റ്റിക്കും ഒഴിവാക്കിയാൽ വളം കൃഷിക്ക് ഉപയോഗിക്കാൻ സാധിക്കും. മൂന്നു-നാല് മിനി പ്ലാന്റുകൂടി സ്ഥാപിക്കാൻ തിരുവനന്തപുരം കോർപ്പറേഷൻ തയ്യാറായാൽ ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും. ഇതുമൂലം അവശയതനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകാനും സമരസമിതിക്കാരേയും ജനപ്രതിനിധികളേയും കോർപ്പറേഷൻ അധികൃതരേയും വിളിച്ചുകൂട്ടി ബദൽ സംവിധാനത്തെക്കുറിച്ച് ആലോചിക്കാനും സമരം ഒത്തുതീർപ്പാക്കാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി)</u> : ചവർ സംസ്ക്കരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന സ്ഥലങ്ങളിലെല്ലാം ജനങ്ങളുടെ പ്രതിഷേധവും ഉയർന്നുവരുന്നുണ്ട്. അതുകൊണ്ട് ആ സ്ഥലം ഒഴിവാക്കി മറ്റൊരു സ്ഥലം കണ്ടെത്തുക പ്രായോഗികമല്ല. ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരമാവധി പരിഹരിക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. പ്ലാസ്റ്റിക്കും കുപ്പിച്ചില്ലുകളും പൂർണ്ണമായും ഒഴിവാക്കിയാൽ മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കാൻ സാധിക്കും. തിരുവനന്ത

പുരം കോർപ്പറേഷനിലെ പ്രധാനപ്പെട്ട ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും നിർബന്ധമായും ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച് അവിടെയുള്ള മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. കഴിഞ്ഞ ആഴ്ചയിൽ പഞ്ചായത്തിന്റേയും കോർപ്പറേഷന്റെയും ഇതുമായി ബന്ധപ്പെട്ട പ്രതിനിധികളെ വിളിച്ച് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ നല്ല രീതിയിലുള്ള തീരുമാനങ്ങളെടുത്ത് മുന്നോട്ടുപോകുകയാണ്.

(2) ദേശീയ പാത വികസനം

ശ്രീ. സി.കെ.പി. പത്മനാഭൻ: ദേശീയ പാതയുടെ വികസനത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള ഫണ്ട് അനുവദിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് വളരെയധികം കാലതാമസം വരുത്തുന്നു. നിലവിലുള്ള നിയമമനുസരിച്ച് ഓരോ വർഷവും റോഡുകൾ നവീകരിക്കുന്നതിനുവേണ്ടി 20 ശതമാനം തുക കേന്ദ്ര ഗവണ്മെന്റ് തരണം. 2005 മുതൽ 2009 വരെ ലഭിക്കേണ്ട 6026 കോടി രൂപയുടെ സ്ഥാനത്ത് 257 കോടി രൂപ മാത്രമാണ് തന്നത്. നാഷണൽ ഹൈവേ 45 മീറ്ററാക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും അലൈൻമെന്റിനെയോ പുനരധിവാസത്തെയോ നഷ്ടപരിഹാരത്തെയോ സംബന്ധിച്ച് ഇതുവരെ തീരുമാനമെടുത്തിട്ടില്ല. വീട് ഒഴിഞ്ഞുപോകേണ്ടിവരുന്നവർക്ക് നഷ്ടപരിഹാരവും പുനരധിവാസ സൗകര്യവും നൽകുകയും കടകൾ ഒഴിയേണ്ടി വരുന്നവർക്ക് പാതയോരത്തുതന്നെ ഷോപ്പിംഗ് മാളുകൾ നിർമ്മിച്ചു നല്കുകയും ചെയ്യണം. ക്ഷേത്രങ്ങൾ അതേ രൂപത്തിൽ മാറ്റി സ്ഥാപിക്കണം; സ്കൂൾ കെട്ടിടങ്ങളും നിർമ്മിച്ചുനൽകണം. നാലുവരിപ്പാതയോടൊപ്പം അടിയന്തിരമായി ബൈപ്പാസിന്റെ പ്രവൃത്തിയും പൂർത്തിയാക്കണം. ഇതിനാവശ്യമായ കാര്യങ്ങൾ കേന്ദ്രവും ദേശീയ പാതാ അതോറിറ്റിയും ചെയ്യണം. ഭൂമിയുടെ

നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിന്റെ പാക്കേജ് കേന്ദ്രം അംഗീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള പണം അടിയന്തിരമായി ലഭ്യമാക്കിയാൽ ദേശീയ പാതയുടെ വീതി കൂട്ടിയെടുക്കാനും ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനും കഴിയും. ഇതിന് കാലതാമസമുണ്ടാകുമെന്നുള്ളതുകൊണ്ട് കേരളത്തിനുവേണ്ടി ഒരു അടിയന്തിര പാക്കേജ് ഉണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): കേരളത്തിൽ എൻ.എച്ച്. 17-ഉം എൻ.എച്ച് 47-ഉം ഉൾപ്പെടെ 9 ദേശീയ പാതകളാണുള്ളത്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് 5 വർഷത്തിലൊരിക്കൽ പാത റീ-സർഫസിംഗ് നടത്തണം. നിലവിലെ നിബന്ധനപ്രകാരം ഒരു കിലോമീറ്റർ റീ-സർഫസിംഗിന് 50 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. അപ്രകാരം സംസ്ഥാനത്തിന് ഓരോ വർഷവും 302 കിലോമീറ്റർ റീ-സർഫസിംഗ് ചെയ്യുന്നതിന് 153.60 കോടി രൂപ ലഭിക്കേണ്ടതുണ്ടെങ്കിലും 2005-06 മുതൽ 2009-2010 വരെ ലഭിക്കേണ്ട മുഴുവൻ തുകയും കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. കഴിഞ്ഞ 5 വർഷമായി 496.9 കോടി രൂപയുടെ കുറവ് കേന്ദ്ര ധനസഹായത്തിലുണ്ടായിട്ടുണ്ട്. കുടിശ്ശിക തുക നൽകണമെന്ന് കേന്ദ്ര ഉപരിതല വകുപ്പുമന്ത്രിയോട് നടത്തിയ അഭ്യർത്ഥനയുടെ ഫലമായി അൽപം പുരോഗതി ഉണ്ടായിട്ടുണ്ട്. കേന്ദ്രത്തിന്റെ പുതിയ നയമനുസരിച്ച് കേരളത്തിലെ ദേശീയ പാതകളായ എൻ.എച്ച്. 17-ഉം എൻ.എച്ച് 47-ഉം ബി.ഒ.ടി. അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിന് തീരുമാ

നിക്കുകയും ഈ രണ്ട് റോഡുകളും നാഷണൽ ഹൈവേ അതോറിറ്റിക്ക് വിട്ടുകൊടുത്തിരിക്കുകയുമാണ്. പ്രസ്തുത പാതകളുടെ വീതി 60 മീറ്ററിൽ നിന്ന് 45 മീറ്ററായി കുറയ്ക്കുന്നതിന് കേരളത്തിന് കഴിഞ്ഞു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ പ്രശ്നം പാത വികസിപ്പിക്കുന്നതിനുള്ള ഭൂമിയുടെ ലഭ്യതക്കുറവാണ്. ഇത് തരണം ചെയ്യുന്നതിന് സ്ഥലമെടുപ്പുമൂലം ഒഴിപ്പിക്കപ്പെടുന്നവർക്ക് കമ്പോള വില ലഭിക്കുന്നതിനും പുനരധിവാസം ഉറപ്പാക്കുന്നതിനും ഒരു പാക്കേജ് തയ്യാറാക്കി സർവ്വകക്ഷി യോഗത്തിന്റെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന് സമർപ്പിച്ചുവെങ്കിലും ഇതുവരെ അത് അംഗീകരിച്ചിട്ടില്ല. ഇക്കാര്യത്തിലുള്ള കേരള സർക്കാരിന്റെ നയപ്രകാരം ഭൂമി നഷ്ടപ്പെടുന്നവർക്ക് പൊതു ആവശ്യത്തിനുവേണ്ടി ഒരു ത്യാഗമായി കണക്കാക്കി അർഹമായ നഷ്ടപരിഹാര തുകയിൽ എത്രത്തോളം തുക പുനരധിവാസത്തിന് ഉൾപ്പെടുത്തുവാൻ കഴിയുമെന്ന് പരിശോധിക്കുന്നതിനും കേരളത്തിന്റെ സാഹചര്യം പരിഗണിച്ച് പ്രത്യേക പാക്കേജായി കേന്ദ്ര സർക്കാരിനെക്കൊണ്ട് അനുവദിപ്പിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതിനും അപ്രകാരം സാധിക്കാത്ത സാഹചര്യത്തിൽ പുനരധിവാസ ചെലവ് കേരള സർക്കാർ തന്നെ വഹിക്കുന്നതിനുമാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. പുതിയ പദ്ധതി പ്രാവർത്തികമാകുന്നതുവരെ ഇതിന്റെ ചുമതല കേന്ദ്ര ഗവൺമെന്റിനാണ് എന്ന നിലയിലാണ് ഇപ്പോൾ സമീപനമെടുത്തിട്ടുള്ളത്. എന്നാൽ റോഡുകൾ തകർന്നു കിടക്കുന്ന അവസ്ഥ ഇനി ഉണ്ടായിക്കൂടാ എന്നതുകൊണ്ട് അതിനുള്ള ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നിർവ്വഹിക്കും.

## സബ്മിഷൻ

(1) കുഡുംബി സമുദായത്തിന് നിയമന സംവരണം

ശ്രീ. എം.എ. വാഹീദ്: കേന്ദ്ര സർക്കാർ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുവരെ കുഡുംബി സമുദായത്തിന് സംസ്ഥാന സർക്കാർ നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഗണിച്ച് കുഡുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന 26-1-2007-ലെ സംസ്ഥാന സർക്കാരിന്റെ ശുപാർശയിന്മേൽ ഇതുവരേയും കേന്ദ്രസർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ഇവർക്ക് ഡിഗ്രി, പി.ജി. കോഴ്സുകൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ 8-10-2008-ലെ ഉത്തരവുപ്രകാരം പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിന് ഒരു ശതമാനം സംവരണവും അനുവദിച്ചിട്ടുണ്ട്. പിന്നോക്ക വിഭാഗ കമ്മീഷന്റെ ശുപാർശ പ്രകാരം പിന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെടുത്തി പ്രത്യേക സംവരണം അനുവദിക്കാൻ കഴിയുമോ എന്ന് തീരുമാനിക്കുന്നതാണ്.

(2) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ ശിലാഫലകം

ശ്രീ. ആനത്തലവട്ടം ആനന്ദൻ: വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ ശിലാഫലകത്തിൽ പ്രധാനമന്ത്രിയുടെ പേര് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. മുഖ്യമന്ത്രിയുടെ പേര് ഉൾപ്പെടുത്തി പുതിയ ശിലാഫലകം സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): വല്ലാർപാടം പദ്ധതിയും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ടെർമിനൽ പദ്ധതിയും കമ്മീഷൻ ചെയ്തതിൽ സംസ്ഥാന സർക്കാരിന് അതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. കഴിഞ്ഞ 57 മാസമായി സർക്കാർ ഏറെ താത്പര്യമെടുക്കുകയും നിരന്തരം പരിശ്രമിക്കുകയും ജാഗ്രതയോടുകൂടി പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് രണ്ട് പദ്ധതികളും സാക്ഷാത്കരിക്കപ്പെട്ടത്. വല്ലാർപാടം പദ്ധതിക്കുവേണ്ട റെയിൽ, റോഡ് കണക്ടിവിറ്റി, സ്ഥലമെടുപ്പ് പ്രശ്നം എന്നിവ ദീർഘനാളത്തെ ചർച്ചയുടെ ഫലമായി പരിഹരിക്കുകയും രണ്ട് പദ്ധതികളുടേയും ഉത്ഘാടനത്തിന് പ്രധാനമന്ത്രിയെ ക്ഷണിക്കുകയും ചെയ്തു. എന്നാൽ പദ്ധതി ഉത്ഘാടനത്തിന്റെ പരസ്യത്തിൽ കേരള ഗവർണ്ണറുടെയോ മുഖ്യമന്ത്രിയുടെയോ സംസ്ഥാന മന്ത്രിമാരുടെയോ പേര് വച്ചിട്ടില്ല.

(പ്രതിപക്ഷാംഗങ്ങൾ വെല്ലിലേയ്ക്ക് ഇറങ്ങി ബഹളമുണ്ടാക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

കേരളത്തോടുള്ള അവഗണന ജനങ്ങൾക്ക് അറിയാവുന്നതും മാധ്യമങ്ങൾ വഴി വിവാദമായിട്ടുള്ളതുമാണ്.

(ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടതനുസരിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിലേയ്ക്ക് തിരികെപ്പോയി.)

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): വല്ലാർപാടം പദ്ധതിയുടേയും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ടെർമിനൽ പദ്ധതിയുടേയും ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര സർക്കാർ കാണിച്ച അവഗണനയിൽ സംസ്ഥാനത്തിനുണ്ടായ വികാരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കേണ്ടതുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാന്യനായ പ്രധാനമന്ത്രിക്കെതിരെ നടത്തിയ പരാമർശങ്ങൾ സഭയുടെ പാരമ്പര്യത്തിന് നിരക്കാത്തതാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

"2011 ഫെബ്രുവരി 11, 12 തീയതികളിൽ കേരളത്തിൽ നടന്ന ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രധാനമന്ത്രിയുടെ ഔദ്യോഗിക പരിപാടികളിൽ കേരളത്തിന്റെ മുഖ്യമന്ത്രിക്കും കേരളത്തിനുമുണ്ടായ തിക്താനുഭവങ്ങളിൽ ഈ സഭ ഒന്നടങ്കം പ്രതിഷേധിക്കുന്നു, ഈ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കുന്നു".

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ പാസ്സാക്കി.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ  സഭയിൽ തിരിച്ചെത്തി).

(3) <u>അക്കാഡമിക് ബ്ലോക്കും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാൻറും സ്ഥാപിക്കാൻ നടപടി</u>

<u>ശ്രീ. എ. സി. മൊയ്തീൻ</u> : തൃശൂർ മെഡിക്കൽ കോളേജിൽ പുതിയ അക്കാഡമിക് ബ്ലോക്കും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ)</u> : മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നോംസ്പ്രകാരം തൃശൂർ മെഡിക്കൽ കോളേജിലെ അക്കാഡമിക് ബ്ലോക്കിന്റെ പ്രിൻസിപ്പൽ ഓഫീസിനുവേണ്ടിയുള്ള 33.74 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന്  ചീഫ് എഞ്ചിനീയറുടെ ലംപ്സം പ്രൊവിഷനിൽ വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് ഭരണാനുമതി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അവിടത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി സർക്കാരിന് സമർപ്പിച്ച 4.5 കോടി രൂപയുടെ പ്രോജക്ട് എസ്റ്റിമേറ്റ് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(4) <u>ജവഹർ ബാലഭവന്റെ സ്ഥലം സംരക്ഷിക്കാൻ നടപടി</u>

<u>ശ്രീ. എം. മുരളി</u> : തിരുവനന്തപുരത്തെ ജവഹർ ബാലഭവന്റെ വകയായ രണ്ടേക്കർ സ്ഥലത്ത് ചലച്ചിത്ര അക്കാഡമിയുടെ കെട്ടിടം, ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റ്, മിനി തിയേറ്റർ കോംപ്ലക്സ് തുടങ്ങിയവ ആരംഭിക്കാനുള്ള നീക്കം ഉപേക്ഷിച്ച് ആ സ്ഥാപനത്തെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): തിരുവനന്തപുരം ജവഹർ ബാലഭവൻ ആധുനികവൽക്കരിക്കുന്നതിനായി ശ്രീ. ഒ.എൻ.വി. കുറുപ്പ്, ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, ശ്രീമതി സുഗതകുമാരി തുടങ്ങിയവരടങ്ങുന്ന ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിനായി ചലച്ചിത്ര അക്കാഡമിയുടെ ഫണ്ട് കൂടി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു. ഓരോ വർഷവും ഏതാനും ദിവസം കുട്ടികളുടെ ചലച്ചിത്രോത്സവത്തിനും അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിനും ഇവിടെ പുതുതായി നിർമ്മിക്കുന്ന അധിക സൗകര്യങ്ങൾ ലഭ്യമാക്കാമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ചലച്ചിത്ര അക്കാഡമി സാമ്പത്തിക സഹായം നൽകുന്നത്.

(5) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ശ്രീ. എം. എം. മോനായി: സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് ഇൻഷ്വറൻസ് കാർഡ് നേടിയ ബി.പി.എൽ./എ.പി.എൽ. വിഭാഗങ്ങളിൽപ്പെട്ടവർക്ക് പല സ്വകാര്യ ആശുപത്രികളും ചികിത്സ നിഷേധിക്കുന്ന സാഹചര്യത്തിൽ പദ്ധതിയിൽ ചേർന്നിട്ടുള്ളവർക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടുള്ള ആശുപത്രികൾക്ക് നൽകാനുള്ള തുക ഉടൻതന്നെ കൊടുത്തുതീർക്കണമെന്നും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നവർക്ക് ചികിത്സ നിഷേധിക്കുന്ന അവസ്ഥ ഉണ്ടാകരുതെന്നും കേന്ദ്ര പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ഇന്റർമീഡിയറി ഓർഗനൈസേഷനുകളുടെ സേവനമാണ് ഉപയോഗപ്പെടുത്തുന്നത്. പദ്ധതിയിൽ കൂടുതൽ

ആശുപത്രികളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 128 സ്വകാര്യ ആശുപത്രികളും 142 സർക്കാർ ആശുപത്രികളും ഈ പദ്ധതി യിൻകീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം 297477 കുടുംബങ്ങൾക്ക് 93.3 കോടി രൂപയുടെ സൗജന്യ ചികിത്സ ലഭിച്ചിട്ടുണ്ട്.

(6) ഭൂമിയുടെ വില വർദ്ധനവ്

പ്രൊഫ. എൻ. ജയരാജ്: സംസ്ഥാനത്ത് ഭൂമിവിലയിൽ ഉണ്ടായിട്ടുള്ള ക്രമാതീതമായ വർദ്ധനവ് സംബന്ധിച്ച് പഠനം നടത്തി ഭൂമിവില നിയന്ത്രി ക്കാനും സാധാരണക്കാർക്ക് കുറഞ്ഞ വിലയ്ക്ക് ഭൂമി ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): നഗരവൽക്കരണം, ഭൂമിയുടെ ലഭ്യത, ആവശ്യകത എന്നിവ അനുസരിച്ചാണ് പ്രധാനമായും ഭൂമി വിലയിൽ വർദ്ധനവുണ്ടാകുന്നത്. ഭൂമി കൈമാറ്റത്തിൽ ഊഹക്കച്ചവടക്കാ രുടെ ഇടപെടൽ ഒഴിവാക്കുന്നതിനും രജിസ്ട്രേഷൻ സംബന്ധിച്ച പ്രവർത്തന ങ്ങൾക്കുമായി രജിസ്ട്രേഷൻ നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അനധികൃത വസ്തു ഇടപാടുകളും നികുതി വെട്ടിപ്പും തടയുന്നതിനുള്ള ഭേദഗതി നിയമം ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരത്തിന് സമർപ്പി ച്ചിരിക്കുകയാണ്. ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ടുണ്ടാകുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് ഭൂമിയുടെ ന്യായവില നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെ ടുവിച്ചിട്ടുണ്ട്. ഇതിലുള്ള പരാതികൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(7) ഹാരിസൺ മലയാളം പ്ളാന്റേഷൻ

ശ്രീ. രാജു എബ്രഹാം: ഹാരിസൺ മലയാളം പ്ലാന്റേഷന്റെ പാട്ടക്കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ അവിടെയുള്ള തൊഴിലാളികളുടെ തൊഴിൽ സ്ഥിരത ഉറപ്പാക്കിക്കൊണ്ടുതന്നെ അടിയന്തിരമായി ഈ ഭൂമി അളന്ന് തിട്ടപ്പെടുത്തി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഹാരിസൺ മലയാളം പ്ലാന്റേഷൻ കൈവശം വച്ചിട്ടുള്ളതും കൈമാറ്റം ചെയ്തിട്ടുള്ളതുമായ ഭൂമി സംബന്ധിച്ച് സർവ്വേ നടപടികൾ നടന്നുവരികയാണ്. കമ്പനിയുടെ കൈവശത്തിലുള്ള പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കാനുള്ള 5 കേസുകളിന്മേൽ ഇതിനകം തന്നെ നടപടി സ്വീകരിച്ചു. വിവിധ ജില്ലകളിലായി കിടക്കുന്ന അധികമുള്ള ഭൂമി തിരിച്ചെടുക്കാനും നിയമവിരുദ്ധമായി നടത്തിയ വിൽപ്പന തടയുന്നതിനും പോക്കുവരവ് റദ്ദ് ചെയ്യുന്നതിനും ഗവൺമെന്റിന് കഴിഞ്ഞു. തിരിച്ചെടുത്ത ഭൂമി ഗവൺമെന്റിൽ നിക്ഷിപ്തമാക്കി സംരക്ഷിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(8) വന്യജീവികളുടെ ആക്രമണം

ശ്രീ. വി. ചെന്താമരാക്ഷൻ: വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വന്യജീവികളെ സംരക്ഷിക്കുന്നതോടൊപ്പം വന്യമൃഗങ്ങളുടെ ആക്രമണംമൂലം കർഷകർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനും ഇലക്ട്രിക് ഫെൻസിംഗ് സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സുരക്ഷാനടപടികൾ സ്വീകരിക്കാനും തയ്യാറാകണം.

ശ്രീ. കെ.സി. ജോസഫ്: ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നി, മുള്ളൻപന്നി തുടങ്ങിയ വന്യജീവികളെ വേട്ടയാടാൻ കേന്ദ്ര

പരിസ്ഥിതി നിയമത്തിലെ വ്യവസ്ഥയനുസരിച്ചുള്ള അനുമതി നൽകാൻ നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): കേന്ദ്ര വന്യജീവി നിയമപ്രകാരം വേട്ടയാടാൻ മൃഗഡോക്ടർക്ക് അനുമതി കൊടുക്കാമെന്ന വ്യവസ്ഥയ്ക്കെതിരെ വ്യത്യസ്ത നിർദ്ദേശങ്ങൾ വരുന്ന സാഹചര്യത്തിൽ പ്രശ്നങ്ങൾ പഠിച്ച് രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും എല്ലാ കർഷക പ്രസ്ഥാനങ്ങളുടേയും നേതാക്കന്മാർ അംഗങ്ങളുമായി 1-2-2011-ന് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(9) മുദിശാസ്താംകോട് ദേവീക്ഷേത്രം പാലത്തിന്റെ നിർമ്മാണം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: അപകടാവസ്ഥയിലായ നെടുമങ്ങാട് മണ്ഡലത്തിലെ മുദിശാസ്താംകോട് ദേവീക്ഷേത്രം പാലം അടിയന്തിരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഈ പാലം നിർമ്മിക്കുന്നതിന് രണ്ടുപ്രാവശ്യം ടെണ്ടർ വിളിച്ചപ്പോഴും 41 ശതമാനം എക്സ്സസാണുണ്ടായത്. 2010-ലെ എസ്.ഒ.ആർ.-ന് മുകളിൽ ടെണ്ടർ എക്സ്സസ് വന്നിട്ടുള്ള കേസുകളൊക്കെ ഗവൺമെന്റിലേക്ക് റഫർ ചെയ്ത് സി.ടി.ഇ.-യുടെ പരിഗണനയ്ക്കും പരിശോധനയ്ക്കും വിധേയമായി അപ്രൂവൽ കിട്ടുന്ന മുറയ്ക്ക് ധനകാര്യ വകുപ്പ് അംഗീകാരം നൽകാമെന്നുള്ള പൊതുനിലപാടാണ് ഇക്കാര്യത്തിലും സ്വീകരിച്ചിട്ടുള്ളത്.

(10) <u>മൈലം പാലത്തിന്റെ പുനർനിർമ്മാണം</u>

<u>ശ്രീമതി പി. അയിഷാപോറ്റി</u>: കൊട്ടാരക്കരയിലെ അപകടാവസ്ഥയിലുള്ള മൈലം പാലം പുനർ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): വെള്ളപ്പൊക്ക ദുരിതാശ്വാസ നിവാരണത്തിനുള്ള 2010–2011-ലെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മൈലം പാലം പുനർനിർമ്മാണത്തിനുള്ള അംഗീകാരം ഉടൻതന്നെ നൽകുന്നതാണ്.

(11) <u>ഗുരുവായൂർ മാസ്റ്റർ പ്ലാൻ</u>

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: അപ്രായോഗികവും നഷ്ടമുളവാക്കുന്നതും ജനങ്ങളുടെ പ്രതിഷേധത്തിനിടയാക്കിയിട്ടുള്ളതുമായ കരട് ഗുരുവായൂർ മാസ്റ്റർ പ്ലാൻ റദ്ദ് ചെയ്ത് നഗരസഭയും ബന്ധപ്പെട്ട ജനപ്രതിനിധികളുമായും സമഗ്ര ചർച്ച നടത്തി വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>): 1976-ൽ നിലവിൽ വന്ന ഗുരുവായൂർ നഗരസഭയുടെ മാസ്റ്റർ പ്ലാൻ കാലോചിതമായി പരിഷ്കരിക്കണമെന്ന നഗരസഭയുടെ ആവശ്യമനുസരിച്ച് കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അത് നിയമസഭയിൽ പലപ്രാവശ്യം ചർച്ച നടത്തി സ്ഥിരീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. 3-12-2010-ൽ പ്രസിദ്ധീകരിച്ച വിശദ മാസ്റ്റർ പ്ലാൻ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും സംഘടനകളിൽനിന്നും ലഭിച്ച പരാതികളും അഭിപ്രായങ്ങളും പരിശോധിച്ചു വരികയാണ്. നഗരാസൂത്രണ നിയമമനുസരിച്ച് കരട് മാസ്റ്റർ പ്ലാൻ വിശദമായി പരിശോധിച്ച് മുനിസിപ്പൽ കൗൺസിലിന്റെ അഭിപ്രായങ്ങളും

ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിന്റെ സാങ്കേതിക ഉപദേശങ്ങളും ചേർത്ത് ആവശ്യമായ ഭേദഗതി വരുത്തി നഗരസഭ അംഗീകരിച്ചതിനുശേഷം മാത്രമേ സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുകയുള്ളൂ. സർക്കാർ അംഗീകാരം ലഭിക്കുന്നതിനുമുമ്പ് ആവശ്യമായ മാറ്റം ഇനിയും വരുത്താനുള്ള അവസരമുണ്ട്. ഗുരുവായൂർ നഗരസഭയിൽ പൂക്കോട്, തൈക്കാട് ഗ്രാമപഞ്ചായത്തുകൾ കൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. നിലവിലുള്ള മാസ്റ്റർ പ്ലാനിൽ ആവശ്യമായ ഭേദഗതി വരുത്തി അംഗീകരിക്കുന്നതാണോ പുതുതായി കൂട്ടിച്ചേർത്ത പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി വിശാലമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതാണോ അഭികാമ്യമെന്ന് നഗരസഭയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(12) <u>വണ്ടൂർ മദ്യദുരന്ത അന്വേഷണം</u>

<u>ശ്രീ. എ. പി. അനിൽകുമാർ</u>: 6–9–2010–ന് മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം, വണ്ടൂർ എന്നീ സ്ഥലങ്ങളിൽ നടന്ന വ്യാജ മദ്യദുരന്തത്തിന്റെ അന്വേഷണം രണ്ട് പ്രത്യേക ഏജൻസികളെ ഏൽപ്പിക്കുകയും കുറ്റിപ്പുറത്തെ അന്വേഷണം പൂർത്തിയാവുകയും വണ്ടൂർ മദ്യദുരന്ത അന്വേഷണം പൂർത്തിയാകുന്നതിനുമുമ്പ് അന്വേഷണ ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയതിനാൽ യഥാർത്ഥ പ്രതികളെ പിടിക്കാൻ പറ്റാത്ത സാഹചര്യവുമാണുള്ളത്. ഇതിൽ യഥാർത്ഥ പ്രതികളെ പിടിക്കാനും അന്വേഷണം പൂർത്തിയാക്കാനുമുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): കുറ്റിപ്പുറത്തെ മദ്യദുരന്ത അന്വേഷണവുമായി ബന്ധപ്പെട്ട് വിവിധ പോലീസ് സ്റ്റേഷനുകളിലായി

രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളെല്ലാം ക്രൈംബ്രാഞ്ച് അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. ക്രൈംബ്രാഞ്ച് വയനാട് യൂണിറ്റ് ഡിവൈ.എസ്.പി.-യെ താമരശ്ശേരി (ലോക്കൽ)-ലേയ്ക്ക് മാറ്റിയെങ്കിലും ഇൻവസ്റ്റിഗേഷൻ ടീമിൽ നിന്ന് മാറ്റാത്തതിനാൽ കേസ്സന്വേഷണത്തെ ബാധിക്കുകയില്ല. ഇതുമായി ബന്ധപ്പെട്ട നടപടികൾ എത്രയുംവേഗം പൂർത്തീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

(13) ഹൈവേ പട്രോളിംഗ്

ശ്രീ. കെ. കെ. ഷാജു: കായംകുളം-പുനലൂർ റോഡിൽ ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും കുറയാനുതകുംവിധം ഹൈവേ പട്രോളിംഗ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ട്രാഫിക് അപകടം കുറയ്ക്കുന്നതിനും പോലീസ് സഹായം ലഭ്യമാക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി കായംകുളം സബ് ഡിവിഷനിൽ നിന്ന് ഒരു വാഹനം പ്രത്യേകം അനുവദിച്ച് കായംകുളം-പുനലൂർ റോഡിൽ ഹൈവേ പട്രോളിംഗ് നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് താമസിയാതെ നിർദ്ദേശം നൽകുന്നതാണ്.

(14) സ്കാനിംഗ് യന്ത്രത്തിന്റെ കേബിൾ മുറിച്ചുമാറ്റിയ സംഭവം

ശ്രീ. വി. എസ്. സുനിൽ കുമാർ: തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഓർത്തോപീഡിക് സർജറി വിഭാഗത്തിൽ ഉപയോഗിച്ചിരുന്ന ആധുനിക സ്കാനിംഗ് യന്ത്രത്തിന്റെ കേബിൾ മുറിച്ചുമാറ്റിയ സംഭവം പൊതുമുതൽ നശിപ്പിക്കുന്നത് സംബന്ധിച്ച കേസ്സിൽ ഉൾപ്പെടുത്തി പ്രതികളെ പിടികൂടുന്നതിനും സ്വകാര്യ ആശുപത്രികളെ സഹായിക്കുന്നതിന് നടത്തുന്ന ഇത്തരം അട്ടിമറിശ്രമങ്ങൾ തടയുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): ശസ്ത്രക്രിയാ മുറിയിൽ അന്യർക്ക് പ്രവേശനം നിഷേധിച്ചിരിക്കെ ബോധപൂർവ്വം നടന്ന ഈ സംഭവത്തിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടിയാലുടൻ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. ഡിപ്പാർട്ടുമെന്റ് തലത്തിൽ മോണിട്ടർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്താനും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(15) വർക്കല താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. വർക്കല കഹാർ: വർക്കല താലൂക്ക് ആശുപത്രിയിലെ പീഡിയാട്രിക് വാർഡ് പ്രവർത്തിപ്പിക്കുന്നതിനും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനും തിയേറ്റർ പ്രവർത്തനസജ്ജമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : താലൂക്ക് ആശുപത്രിയുടെ പദവിലേയ്ക്കുയർത്തിയ വർക്കല ഗവൺമെന്റ് ആശുപത്രിയിൽ സാംഗ്ഷൻഡ് തസ്തികയിലുള്ള 9 ഡോക്ടർമാർ ജോലി നോക്കുന്നുണ്ട്. ലേബർ റൂം നിർമ്മിക്കാനുള്ള പ്രവർത്തനം ആരംഭിച്ചതോടൊപ്പം തിയേറ്റർ പ്രവർത്തനസജ്ജമായിട്ടുമുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സിന്റെ പ്രവർത്തനത്തെ സംബന്ധിച്ച പരാതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഡി.എം.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ധനകാര്യം

### 2011-12 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. ജോസ് ബേബി) : ബഡ്ജറ്റിനെ പിന്താങ്ങുന്നു. ഇന്ത്യാരാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആഗോള വൽക്കരണനയങ്ങൾക്ക് ബദലായ ഒരു ബഡ്ജറ്റാണ് സംസ്ഥാനത്ത് അവതരിപ്പിച്ചിരിക്കുന്നത്. രാജ്യത്തിന്റെ സാമൂഹ്യ യാഥാർത്ഥ്യ ങ്ങൾക്കനുസരിച്ച് സാമ്പത്തിക-വ്യാവസായിക-കാർഷിക നയങ്ങളിൽ വന്ന മാറ്റമാണ് ബഡ്ജറ്റിൽ ദൃശ്യമാകുന്നത്. രാജ്യം തുടരുന്ന ആഗോളവൽക്കരണ-സ്വകാര്യവൽക്കരണ-ഉദാരവൽക്കരണ നയങ്ങൾക്ക് ബദലായ സമീപനമാണ് ഇടതുപക്ഷജനാധിപത്യ മുന്നണി സ്വീകരിക്കുന്നത്. ധനമാനേജ്മെന്റ് മെച്ചപ്പെടുത്താൻ കഴിഞ്ഞു. വികസന ചെലവുകളും പദ്ധതിച്ചെലവുകളും വർദ്ധിച്ചപ്പോഴും കമ്മി കുറച്ചുകൊണ്ടുവരാൻ സാധിച്ചു. ട്രഷറി ഓവർഡ്രാഫ്റ്റില്ലാതെ ഈ ഗവണ്മെന്റ് പ്രവർത്തിച്ചു. നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ സഹായം കുറയുന്ന അവസ്ഥയാണുള്ളത്. ശമ്പള പരിഷ്ക്കരണം നടപ്പാക്കുമ്പോഴും റവന്യൂ കമ്മിയിൽ താൽക്കാലികമായ വർദ്ധനവുമാത്രമേ ഉണ്ടാകുകയുള്ളൂ. സാമൂഹ്യക്ഷേമ പെൻഷനുകളെല്ലാം വർദ്ധിപ്പിച്ചു. സംസ്ഥാനത്ത് റോഡ് ശൃംഖലകളുടെ വികസനത്തിന് ആവശ്യമായ തുകയാണ് 40000 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. വാഹനത്തിനനുസരിച്ച് റോഡുകൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. നാടിന്റെ അത്യന്താപേക്ഷിതമായ വികസന പ്രവർത്തനങ്ങൾക്കാണ് ഗവൺമെന്റ് മുൻതൂക്കം കൊടുത്തിരിക്കുന്നത്. ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 1000 കോടി രൂപ

നീക്കിവച്ചിട്ടുള്ളതും സ്റ്റേറ്റ് ഹൈവേയടക്കം നഗരങ്ങളിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൃഹത്തായ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളതും സ്വാഗതാർഹമാണ്. പശ്ചാത്തല വികസനത്തിനുള്ള നടപടികൾ സംസ്ഥാ നത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ കഴിഞ്ഞു. അഞ്ച് പുതിയ സംരംഭങ്ങൾ പൊതുമേഖലയിലാരംഭിക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. വിവര സാങ്കേതിക-വിനോദസഞ്ചാര മേഖലകൾക്ക് ഊന്നൽ നൽകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 40 ലക്ഷം കുടുംബങ്ങളെ ബി.പി.എൽ.-ൽ ഉൾപ്പെടുത്താനുള്ള തീരുമാനം വൻ സാമ്പത്തിക ബാധ്യത ഏറ്റെടുക്കാനുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയെയാണ് കാണിക്കു ന്നത്. കർഷക പെൻഷൻ 1000 രൂപയെങ്കിലുമായി ഉയർത്തണം. 60 വയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ നൽകാനുള്ള പ്രഖ്യാപനം വലിയൊരു വിഭാഗത്തിന് ഗുണം ചെയ്യുന്നതാണ്. കേരളത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞിന്റെയും പേരിൽ 10000 രൂപയുടെ സ്ഥിര നിക്ഷേപ പദ്ധതി പ്ലസ് ടു പൂർത്തിയാകുമ്പോൾ ബാങ്കുകളുമായി ബന്ധപ്പെടുത്തി ഉന്നത വിദ്യാഭ്യാസത്തിനോ വിദഗ്ദ്ധ പരിശീലനത്തിനോ പലിശയടക്കം ഉപയോഗിക്കാൻ കഴിയുന്നതാണ്. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് 20 കോടി രൂപയുടെ പാക്കേജിനോടൊപ്പം ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു ട്രൈബ്യൂണൽ സ്ഥാപിക്കാനാവശ്യമായ നടപടിയും സ്വീകരിക്കണം. റേഷൻകടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് 337 കോടി രൂപയുടെ പദ്ധതിക്ക് പുറമേ സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡിക്കായി 75 കോടി രൂപ നീക്കി

വച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട മൂവായിരം റേഷൻ കടകളെ സപ്ലൈകോയുടെ ഫ്രാഞ്ചൈസികളായി പ്രഖ്യാപിക്കാനുള്ള തീരുമാനവും 300 രൂപയ്ക്കുള്ള കിറ്റ് 150 രൂപയ്ക്ക് ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് 20 കോടി രൂപ നീക്കി വച്ചതും ശ്ലാഘനീയമാണ്. റേഷൻ വ്യാപാരികളുടെ കമ്മീഷൻ ഉയർത്താൻ നടപടി സ്വീകരിച്ചു. വിലക്കയറ്റം പിടിച്ചുനിർത്താനായി കൺസ്യൂമർ ഫെഡിന്റെ വിഹിതം 50 കോടി രൂപ ഉയർത്തുന്നതിനും ഹോർട്ടികോർപ്പിന് 20 കോടി രൂപ നൽകുന്നതിനും തീരുമാനിച്ചു. മണ്ണെണ്ണയ്ക്ക് സബ്സിഡി പ്രഖ്യാപിച്ചു. ഖാദി, കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലകളിലെല്ലാം വമ്പിച്ച ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പദ്ധതിത്തുക ഭൂരിഭാഗവും വിനിയോഗിക്കാൻ കഴിഞ്ഞു. നെല്ലിന്റെ സംഭരണ വില 7 രൂപയിൽ നിന്നും 14 രൂപയാക്കി ഉയർത്തി. മുട്ട, പാൽ, പച്ചക്കറി എന്നിവയുടെ ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. മൃഗസംരക്ഷണത്തിനും ക്ഷീര വികസനത്തിനും മുന്തിയ പരിഗണന നൽകി. നാളികേര കൃഷിക്ക് 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 223.7 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. സ്കൂൾ വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന നൽകി. വെറ്ററിനറി-ഫിഷറീസ്-മെഡിക്കൽ സർവ്വകലാശാലകൾ ആരംഭിച്ചു. ഈ സർവ്വകലാശാലകളിലെ ഗവേഷണ ഫലങ്ങൾ കേരളത്തിന്റെ വികസനത്തിന് ഉതകുന്നുണ്ടോയോന്നുകൂടി പരിശോധിക്കണം. കായിക-വിദ്യാഭ്യാസ രംഗത്ത് കുട്ടികൾക്ക് പരിശീലനം നൽകുന്നതിനും മികച്ച പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്ന കുട്ടികളുടെ ജീവിതച്ചെലവ് ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിക്കണം. അഴിമതി കുംഭകോണങ്ങൾ

വർദ്ധിക്കുന്നതിൽ കേന്ദ്ര സർക്കാരിന് പങ്കാളിത്തമുണ്ടെന്നുള്ളത് വലിയ അപമാനകരമാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിന്റെ വികസനം എല്ലാ അർത്ഥത്തിലും മുരടിച്ചിരിക്കുന്നു. സംസ്ഥാനത്ത് സാമ്പത്തിക വളർച്ചാനിരക്ക് കുറഞ്ഞു. വിലവർദ്ധനവിനനുസരിച്ച നികുതി പിരിവ് സംസ്ഥാനത്തുണ്ടായില്ല. ജനങ്ങളെ മുഴുവൻ കടക്കെണിയിലാഴ്ത്തിയ ധനകാര്യ മാനേജ്മെന്റാണ് സംസ്ഥാനത്തുണ്ടായിരിക്കുന്നത്. ബി.പി.എൽ. ലിസ്റ്റിൽ ആളുകളുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. ജി.എസ്.ഡി.പി.-യുടെ വളർച്ചാ നിരക്ക് യു.ഡി.എഫ്. ഭരണകാലത്തേക്കാൾ കുറഞ്ഞിരിക്കുന്നു. പൊതുമേഖലയിലും സ്വകാര്യമേഖലയിലും തൊഴിലാളികൾക്ക് തൊഴിലില്ലാതാക്കി. കഴിഞ്ഞവർഷത്തെ സ്റ്റിമുലസ് പാക്കേജിലെ തുക ചെലവഴിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. നിയമസഭ പാസ്സാക്കിയ തുകപോലും ചെലവാക്കിയിട്ടില്ലെന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ധനകാര്യ മിസ്മാനേജ്മെന്റിനെയാണ് വ്യക്തമാക്കുന്നത്. കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ഫണ്ട് യഥാസമയം വിനിയോഗിക്കാൻ സംസ്ഥാനത്തിന് കഴിയുന്നില്ല. സംസ്ഥാനത്ത് ഇതുവരെ ഉണ്ടാകാത്ത വിലവർദ്ധനവാണുള്ളത്. മുൻകാല ബഡ്ജറ്റുകളെ അപേക്ഷിച്ച് ജലസേചന ത്തിനുവേണ്ടി വളരെ ചെറിയ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ. സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങളെല്ലാം സ്തംഭിച്ചിരിക്കുന്നു.

<u>ശ്രീ. സി. എം. ദിനേശ് മണി</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാമൂ ഹ്യക്ഷേമ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. രണ്ടു-മൂന്ന് വർഷ ത്തിനുള്ളിൽ ഇന്ത്യയിൽ ഏറ്റവും വേഗതയിൽ വളരുന്ന സംസ്ഥാനമായി കേരളം മാറുന്നതാണ്. ഈ ഗവണ്മെന്റിന് ട്രഷറി നിയന്ത്രണം ഏർപ്പെടു

ത്തേണ്ടി വന്നിട്ടില്ല. വികസനപ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞു. ജനങ്ങളുടെമേൽ നികുതിഭാരം അടിച്ചേൽപ്പിക്കാതെ തനതുവരുമാനംകൊണ്ട് സംസ്ഥാനം വളർച്ച നേടിയിരിക്കുന്നു. കേരളത്തിന്റെ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തിക്കൊണ്ടുള്ള ഈ ഗവണ്മെന്റിന്റെ പ്രവർത്തനത്തെ തകർക്കാനുള്ള സമീപനമാണ് കേന്ദ്ര ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്. കോൺട്രാക്ടർ-എഞ്ചിനീയർ-രാഷ്ട്രീയ കൂട്ടുകെട്ട് ഇല്ലാതാക്കി. ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിന് 40,000 കോടി രൂപയുടെ സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത് സ്വാഗതാർഹമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായും ഫലപ്രദമായും പൂർത്തീകരിച്ചു. വല്ലാർപാടം ടെർമിനൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു.

<u>പ്രൊഫ. എൻ. ജയരാജ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. അയഥാർത്ഥ്യ പ്രഖ്യാപനങ്ങളാണ് ബഡ്ജറ്റിലുടനീളമുള്ളത്. 2011-ൽ മിച്ച ബഡ്ജറ്റ് അവതരിപ്പിക്കുമെന്ന പ്രഖ്യാപനം പാലിക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിച്ചിട്ടില്ല. മുൻകാലങ്ങളേക്കാൾ കേന്ദ്രസഹായം കിട്ടിയ ഒരു കാലഘട്ടമാണിത്. നികുതിയിൽ നിന്നുള്ള കേന്ദ്ര സംഭാവനകളും ഗ്രാന്റുകളും വർദ്ധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി യാഥാർത്ഥ്യമാക്കണം. ഹരിത ഫണ്ടിനുവേണ്ടി 100 കോടി രൂപ നീക്കിവയ്ക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാതെ ആവർത്തിച്ചിരിക്കുകയാണ്. റെയിൽവേ കോറിഡോർ പദ്ധതി ആരംഭിക്കണം. വിഴിഞ്ഞം പദ്ധതി, റോഡ് വികസനത്തിന്റെ രണ്ടാം ഘട്ടം, ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനം, ഫീഡർ കനാലുക

ളുടെ നവീകരണ പ്രവർത്തനം എന്നിവ നടത്തണം. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് നടപടിയുണ്ടാകണം. മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പാക്കണം. പി.ഡബ്ള്യു.ഡി. ബിൽഡിംഗ്സ് വിഭാഗവും ബ്രിഡ്ജസ് വിഭാഗവുമായി ബന്ധപ്പെട്ട് നിലവിലുള്ള ആർക്കിടെക്ച്ചറൽ വിംഗിനെ ശക്തിപ്പെടുത്തണം. കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെയുള്ള കുടിവെള്ള പദ്ധതികൾ നടപ്പാക്കണം. കേരളത്തിലെ റോഡുകൾ ഗതാഗതയോഗ്യമാക്കണം. റവന്യൂ കമ്മിയും ധനക്കമ്മിയും വർദ്ധിക്കുകയും മൂലധനച്ചെലവ് കുറയുകയും ചെയ്തിരിക്കുന്നു. ആഭ്യന്തര ഉത്പാദനത്തിൽ കേരളം വളർച്ചയിലേയ്ക്കാണ് നീങ്ങുന്നതെങ്കിലും കാർഷിക മേഖലയുടെ വളർച്ചയിൽ മാന്ദ്യം സംഭവിച്ചിരിക്കുന്നു. കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കണം. ചങ്ങമ്പുഴയ്ക്കുകൂടി സ്മാരകം നിർമ്മിക്കണം. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ മലയാളം ഡിപ്പാർട്ടുമെന്റ് ആരംഭിക്കണം. ഡോ. കെ.എൻ. രാജ് സെന്റർ ഫോർ പബ്ലിക് ഫിനാൻസ് ആന്റ് പ്ലാനിംഗ് സ്ഥാപിക്കുന്നതിനുവേണ്ടി തുക വകയിരുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്. റബ്ബർ, കാപ്പി, കുരുമുളക് കൃഷിക്കാരെ കർഷകർ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. കർഷകർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാകുന്നതരത്തിൽ സെൻസസ് നടപടികൾ പൂർത്തിയാക്കണം.

ശ്രീ. ബാബു പോൾ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനം ത്വരിതപ്പെടുത്തുന്നതിനും ജനക്ഷേമം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. രണ്ടുരൂപയ്ക്ക് അരി നൽകുന്ന പദ്ധതി 40 ലക്ഷം

കുടുംബങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. മാവേലിസ്റ്റോറുകൾ വഴി 13 ഇന അത്യാവശ്യ സാധനങ്ങൾ ലഭ്യമാക്കാനും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വാർഷിക സബ്സിഡി 75 കോടി രൂപ യായി വർദ്ധിപ്പിക്കാനും തെരഞ്ഞെടുക്കപ്പെട്ട മൂവായിരം റേഷൻ കടകൾ വഴി 300 രൂപ കമ്പോള വിലവരുന്ന അഞ്ച് ഇന നിത്യോപയോഗ സാധന ങ്ങൾ 150 രൂപയ്ക്ക് ലഭ്യമാക്കാനുമുള്ള തീരുമാനം അഭിനന്ദനീയമാണ്. കൺസ്യൂമർ ഫെഡിന് 50 കോടി രൂപയും, ഹോർട്ടി കോർപ്പിന് 20 കോടി രൂപയും, മണ്ണെണ്ണ ലിറ്റർ ഒന്നിന് 20 രൂപ സബ്സിഡി നൽകുന്നതിനുമായി 15 കോടി രൂപയും വകയിരുത്തിയത് വിലക്കയറ്റത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ശക്തമായി ഇടപെടുന്നു എന്നതിന് തെളിവാണ്. ക്ഷേമ പെൻഷ നുകളുടെ കുടിശ്ശിക കൊടുത്തുതീർക്കുകയും പെൻഷൻ തുക വർദ്ധിപ്പി ക്കുകയും ചെയ്തു. പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കാനും നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചു. നെൽകർഷകന് ഏർപ്പെടുത്തിയ പെൻഷൻ പദ്ധതി എല്ലാ വിഭാഗം കർഷകർക്കും നൽകു ന്നതിന് നടപടി സ്വീകരിക്കണം. ജൈവ കൃഷി മേഖലയ്ക്കായി വകയിരുത്തി യിരിക്കുന്ന അഞ്ച് കോടി രൂപ വർദ്ധിപ്പിക്കണം. അംഗൻവാടി അധ്യാപിക മാരുടേയും വർക്കർമാരുടേയും ആനുകൂല്യം വർദ്ധിപ്പിച്ചതും ആശാ വർക്കർമാർക്ക് ഓണറേറിയം പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. വീട്ടുജോലി ക്കാർ, പാചകത്തൊഴിലാളികൾ, സ്വകാര്യ ആശുപത്രിയിലെ നേഴ്സുമാർ, അൺ-എയ്ഡഡ് കോളേജ് അധ്യാപകർ തുടങ്ങി എല്ലാ വിഭാഗങ്ങൾക്കും ക്ഷേമനിധി ഏർപ്പെടുത്തണം. പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്ന തിനും ഐ.ടി. മേഖല വികസിപ്പിക്കുന്നതിനും സാധിച്ചു. കൊല്ലം, ആലപ്പുഴ,

തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പുതിയ ഐ.ടി. പാർക്കുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. വനിതകൾക്കായി പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നത് ശ്ലാഘനീയമാണ്. പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ജൈവകൃഷി മേഖലയ്ക്ക് കൂടുതൽ തുക വകയിരുത്തണം. കേരള വാട്ടർ അതോറിറ്റിയിൽ എസ്.എൽ.ഇ.സി. പാസ്സാക്കിയ ശുദ്ധജല വിതരണ പദ്ധതികൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കണം.

ശ്രീ. എം. ഉമ്മർ: ബഡ്ജറ്റിനെ എതിർക്കുന്നു. കടബാധ്യത വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞിന്റെ പേരിലും 10000 രൂപയുടെ സ്ഥിരനിക്ഷേപം എൻഡോവ്മെന്റായി നൽകുമെന്നത് പൊള്ളയായ പ്രഖ്യാപനമാണ്. റോഡ് ഫണ്ട് ബോർഡിനും റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനും കമ്പോള വിശ്വാസം ഉണ്ടാക്കിക്കൊടുക്കാൻ മോട്ടോർ വാഹനനികുതിയുടെ ആദ്യത്തെ മൂന്ന് മുതൽ ആറുമാസത്തെ വരുമാനം എസ്ക്രൂ അക്കൗണ്ടായി നൽകുമെന്നും അത് നിയമനിർമ്മാണംവഴി ഉറപ്പാക്കുമെന്നുമുള്ളത് വാഗ്ദാനം മാത്രമാണ്. താരതമ്യേന ഉയർന്ന നിരക്കിലായിരുന്ന ജി.എസ്.ഡി.പി., എൻ.എസ്.ഡി.പി. റേഷ്യോ സംസ്ഥാനത്ത് താഴ്ന്നുവരുന്നതായി കാണാൻ സാധിക്കും. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് അടിസ്ഥാന സൗകര്യവികസനത്തിന് സർക്കാർ ചെലവാക്കിയ തുക വളരെ കുറവാണ്. മെറ്റീരിയൽ സപ്ലൈ 167.9 കോടി രൂപയിൽനിന്നും 85.50 കോടി രൂപയായും മെക്കാനിക്കൽ എക്യുപ്മെന്റിന് വേണ്ടിവരുന്ന തുക 43.63 കോടി രൂപയിൽനിന്ന് 26.26 കോടി രൂപയായും മേജർ വർക്സിന് വകയിരുത്തിയ തുക 194.17 കോടി

രൂപയിൽ നിന്ന് 128.03 കോടി രൂപയായും കുറഞ്ഞിട്ടുണ്ട്. ഉൽപ്പാദനകരമല്ലാത്ത മേഖലയിലെ എക്സ്പെൻഡിച്ചർ മൂന്നിരട്ടിയായി വർദ്ധിച്ചു. സംസ്ഥാന സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തണം. 2010-11-ൽ ലോൺ ലെൻഡിംഗ് ആന്റ് റീ-പേമെന്റിനുവേണ്ടി 13185.19 കോടി രൂപ വകയിരുത്തിയെങ്കിൽ ചെലവഴിച്ചത് 4483.8 കോടി രൂപ മാത്രമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തുകയും ചെലവഴിക്കാത്തതിന്റെ പേരിൽ വിഹിതം വെട്ടിച്ചുരുക്കുകയും ചെയ്യുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഗ്രീൻ ഫണ്ടിൽ വകയിരുത്തിയ 100 കോടി രൂപ ചെലവഴിച്ചിട്ടില്ല. ജലപാത വികസനത്തിനായി നീക്കിവച്ച 100 കോടി രൂപയിൽ നാമമാത്ര തുക മാത്രമാണ് ചെലവഴിച്ചത്. എനർജി സേവിംഗ് സംവിധാനം നിയമസഭാ കോംപ്ലക്സിൽപോലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ജനറൽ ആശുപത്രി പദവിയിലേയ്ക്ക് ഉയർത്തിയ മഞ്ചേരി ജില്ലാ ആശുപത്രിക്ക് ആവശ്യമായ ഡോക്ടർമാരെയും പാരാ മെഡിക്കൽ സ്റ്റാഫിനെയും നിയമിക്കണം. മലപ്പുറം ജില്ലയിൽ അധ്യാപകരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കണം. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ബഥനി സ്കൂളുകൾ എൽ.പി. സ്കൂളുകളായി ഉയർത്തുകയും അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും ചെയ്യണം.

ശ്രീമതി ജെ. അരുന്ധതി : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വനിതാ ക്ഷേമപദ്ധതികൾക്കായി തുക പ്രഖ്യാപിച്ചതും വനിതാ വികസന വകുപ്പ് തുടങ്ങാൻ തീരുമാനമെടുത്തതും സ്വാഗതാർഹമാണ്. യു.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കാൻ കഴിയാതിരുന്ന പല പ്രഖ്യാപനങ്ങളും ഈ ഗവൺമെന്റ് പ്രാബല്യത്തിൽ വരുത്തുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിന്റെ ഫലമായുണ്ടായ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 3000 റേഷൻ കടകൾ വഴി 300 രൂപയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ 150 രൂപയ്ക്ക് സബ്സിഡി റേറ്റിൽ കൊടുക്കുമെന്ന പ്രഖ്യാപനം ആശാവഹമാണ്. ഓവർഡ്രാഫ്റ്റ് എടുക്കാതെതന്നെ വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു. പിറന്നുവീഴുന്ന ഓരോ കുഞ്ഞിന്റെയും പേരിൽ 10000 രൂപ നിക്ഷേപിക്കു മെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ള 11 പ്രവൃത്തികളിൽ 8 എണ്ണം വാമനപുരം മണ്ഡലത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞു. മലബാർ പാക്കേജ് നടപ്പിലാക്കിയത് വിദ്യാഭ്യാസരംഗത്ത് പുരോഗതിയുണ്ടാക്കിയിട്ടുണ്ട്. നന്ദിയോട് പഞ്ചാ യത്തിലെ എസ്.കെ.വി. ഹൈസ്ക്കൂളിന് പ്ലസ് വൺ അനുവദിക്കാനും പാങ്ങോട് പഞ്ചായത്തിൽ കെട്ടിട സൗകര്യമുള്ള സ്ഥലത്ത് ഐ.ടി.ഐ/ഐടി.സി. സ്ഥാപിക്കാനും നടപടിയുണ്ടാകണം. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളും ലാഭത്തിലാ ക്കാൻ കഴിഞ്ഞു. മിതമായ വിലയ്ക്ക് സ്വർണ്ണാഭരണം കൊടുക്കുന്നതിനായി സ്വർണ്ണാഭരണ വ്യവസായശാല സ്ഥാപിക്കാൻ നടപടിയുണ്ടാകണം. പി.ഡബ്ല്യു.ഡി.യുടെ നവീകരിച്ച പദ്ധതികൾ സ്വാഗതാർഹമാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 50 ലക്ഷം രൂപവരെ ഭരണാനുമതി കൊടുക്കാമെന്ന പ്രഖ്യാപനം വളരേയെറെ ഗുണം ചെയ്യും. 1995-ൽ ആരംഭിക്കുകയും 35 കോടി രൂപ ചെലവഴിക്കുകയും ചെയ്ത

കല്ലറ-പാങ്ങോട് കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കണം. കുട്ടികൾക്കായി രംഗപ്രഭാത് എന്ന പേരിൽ വെഞ്ഞാറമൂട്ടിൽ പ്രവർത്തിക്കുന്ന നാടകസമിതിയെ സാംസ്കാരികരംഗത്ത് സഹായങ്ങൾക്കായി പ്രഖ്യാപിച്ച പട്ടികയിൽ ഉൾപ്പെടുത്തണം. മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുന്ന നടപടിയും അഭിലഷണീയമാണ്. എൻഡോസൾഫാന്റെ നിരോധനം സ്വാഗതാർഹമാണ്.

<u>ശ്രീ.എ.എ.അസീസ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ക്ഷേമപെൻഷൻ കുടിശ്ശികകൾ കൊടുത്തുതീർക്കുകയും പെൻഷൻ തുക വർദ്ധിപ്പിക്കുകയും ചെയ്തു. കശുവണ്ടിത്തൊഴിലാളികളുടെ തൊഴിൽ ദിനം വർദ്ധിപ്പിക്കുകയും മിനിമം വേജസ് പുതുക്കി നിശ്ചയിക്കുകയും ചെയ്തു. കശുവണ്ടിയുടെ ഉൽപാദനത്തിനുവേണ്ടി കാഷ്യു കൾട്ടിവേഷൻ എന്ന ഏജൻസി രൂപീകരിച്ച് 25 ലക്ഷം രൂപ വകയിരുത്തി. റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം പൂർത്തിയാക്കി. നെല്ലിന്റെ സംഭരണ വില 14 രൂപയായി വർദ്ധിപ്പിച്ചു. 40 ലക്ഷം പേരെ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. റേഷൻ കടകൾ വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം നടത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്.

<u>ശ്രീ. എം. ഹംസ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ലോക രാഷ്ട്രങ്ങൾ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ കേരളത്തിന്റെ സമ്പദ്ഘടന മികവുറ്റതാക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു. കാർഷികമേഖലയിലെ പ്രവർത്തനങ്ങളുടെ ഫലമായി കർഷക ആത്മഹത്യ കുറയ്ക്കാനും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും സാധിച്ചു. റവന്യൂ കമ്മി 15.5 ശത

മാനമായി കുറയ്ക്കാൻ സാധിച്ചു. മികച്ച സാമ്പത്തിക മാനേജ്മെന്റിന്റെ ഫലമായി ട്രഷറി നിയന്ത്രണം ഒഴിവാക്കാൻ സാധിച്ചു. ഇൻഡ്യാ രാജ്യത്ത് വ്യാവസായിക ഉൽപാദനം ഒരു ശതമാനമായും മൂലധന ഉൽപാദന മേഖല 13.7 ശതമാനമായും ചുരുങ്ങി. വൈദ്യുതിമേഖലയിൽ മാത്രമാണ് ചെറിയ ശതമാനം വളർച്ച രാജ്യം കൈവരിച്ചത്. ദേശീയപാത, ജില്ലാ റോഡുകൾ എന്നിവയുടെ വികസനം സാധ്യമാക്കി. പുതിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അഴിമതി അവസാനിപ്പിച്ചു. പാലക്കാട്, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കി. വല്ലാർപാടം രാജ്യാന്തര ടെർമിനൽ, കണ്ണൂർ വിമാനത്താവളം എന്നിവ യാഥാർത്ഥ്യമാക്കി. 5 പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചു. ഐ.ടി. മേഖല വികസിപ്പിച്ചു. 5 ലക്ഷം പേർക്ക് വീട് നൽകാനും 12 ലക്ഷം പേർക്ക് കുടിവെള്ളം എത്തിക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിച്ചു.

<u>ശ്രീ. കെ.ടി. ജലീൽ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനോപകാരപ്രദമായ വികസനപ്രവർത്തനങ്ങൾ നടത്താൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു. കേരളത്തിന്റെ ആഭ്യന്തരവരുമാനത്തിലുണ്ടായ വർദ്ധനവ് മറച്ചുവച്ചുകൊണ്ട് പൊതുകടത്തെ വിശകലനം ചെയ്യാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. വിദേശകമ്പനികളും വിദേശ ധനകാര്യ സ്ഥാപനങ്ങളും പലിശയിനത്തിൽ ഭീമമായ തുക ചോർത്തിക്കൊണ്ടുപോകുന്നത് തടയാൻ 'അൽബറാക്' എന്ന പലിശരഹിത സാമ്പത്തിക സ്ഥാപനം രൂപീകരിക്കാൻ നടത്തിയ ശ്രമം ശ്ലാഘനീയമാണ്. കേരളത്തിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ട് വികസനം യാഥാർത്ഥ്യമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. സ്വാശ്രയ വിദ്യാഭ്യാസ

സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കും അസംഘടിത മേഖലയിലെ ഗാർഹികത്തൊഴിലാളികൾക്കും ക്ഷേമനിധി രൂപീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോ ഗിച്ച പാലോളി കമ്മിറ്റി സമയബന്ധിതമായി റിപ്പോർട്ട് നൽകുകയും അതിലെ എല്ലാ ശുപാർശകളും നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ വിഭാഗം ജനങ്ങളേയും വിശ്വാസത്തിലെടുത്തും എല്ലാ വിഭാഗങ്ങളോടും തുല്യനീതി പുലർത്തിയും പൊതുധാരയിലേയ്ക്ക് ന്യൂനപക്ഷത്തെ കൊണ്ടുവരാനും അവരുടെ പിന്തുണയോടുകൂടി ന്യൂനപക്ഷ പിന്നോക്കക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു.

ശ്രീ. എ. സി. മൊയ്തീൻ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷം എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടേയും താൽപ്പര്യം സംരക്ഷിക്കാനും പരമ്പരാഗതവ്യവസായങ്ങളെ പുരോഗതിയിലേയ്ക്ക് നയിക്കാനും ഈ ഗവണ്മെന്റിന് കഴിഞ്ഞു. സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധി പ്പിച്ചു. അഞ്ചര ശതമാനം വളർച്ച ഉണ്ടായിരുന്ന ഉൽപ്പാദന മേഖല 15 ശത മാനത്തിലേയ്ക്കെത്തിച്ചു. യു.ഡി.എഫ്. ഭരണകാലത്ത് പതിനേഴാ യിരത്തോളം തസ്തികകൾ നിറുത്തലാക്കുകയും നിയമനനിരോധനം നടപ്പിലാക്കുകയും ചെയ്തിരുന്നുവെങ്കിൽ ഈ ഗവണ്മെന്റ് പുതിയ തസ്തിക കൾ സൃഷ്ടിച്ച് തൊഴിലവസരങ്ങളുണ്ടാക്കി. പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചു. പൂട്ടിക്കിടന്നിരുന്ന എട്ട് പൊതുമേഖ ലാസ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുകയും ലാഭത്തിലാക്കുകയും

ചെയ്തു. ഒരുദിവസംപോലും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നില്ല. സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഡി.എ. കുടിശ്ശി കയില്ലാതെ കൊടുത്തുതീർത്തു. വികസനപ്രവർത്തനങ്ങൾ നിയോജകമണ്ഡ ലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞു. ഐ.ടി., ടൂറിസം മേഖലകളുടെ വികസനത്തിനും വ്യവസായങ്ങൾക്ക് പശ്ചാത്തല സൗകര്യം ഒരുക്കിക്കൊടുക്കാനും ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. കേന്ദ്രാവി ഷ്കൃത പദ്ധതികൾ സംസ്ഥാന ഗവൺമെന്റിന്റെ പരിത:സ്ഥിതിക്കനുസരിച്ച് പ്രയോജനപ്പെടുത്താൻ കഴിയുന്ന നിർദ്ദേശങ്ങൾ പ്രതിപക്ഷത്തുനിന്നു മുണ്ടാകണം.

<u>ശ്രീ. കെ.കെ. ഷാജു</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കമ്മിരഹിത ബഡ്ജറ്റ് കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ച ഗവൺമെന്റിന്റെ പൊതുകടം 70,000 കോടി രൂപ കവിഞ്ഞിരിക്കുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിലൂടെ വരുമാനം ലഭിച്ചിട്ടും പൊതുകടം വർദ്ധിച്ചതിന്റെ കാരണം വ്യക്തമാക്കണം. ആളോഹരി കടം വർദ്ധിച്ചതുകൊണ്ടാണ് കേരളത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞിന്റെപേരിലും 10,000 രൂപയുടെ സ്ഥിര നിക്ഷേപം എൻഡോവ്മെന്റായി പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറായത്. ഇല്ലാത്ത ബാങ്കിൽ നിന്നും ഇല്ലാത്ത ഫണ്ടുപയോഗിച്ചാണ് 40,000 കോടി രൂപയുടെ റോഡ് നിർമ്മിക്കുമെന്ന് പ്രഖ്യാപിക്കുന്നത്. മാന്ദ്യവിരുദ്ധ പാക്കേജിനേക്കാൾ ദയനീയ പരാജയമായിരിക്കും റോഡ് പദ്ധതികൊണ്ട് ഉണ്ടാകാൻ പോകു ന്നത്. പ്രഖ്യാപിച്ച കുടിവെള്ള പദ്ധതികൾപോലും പ്രാവർത്തികമായിട്ടില്ല. പുതിയ ട്രഷറികളും കെ.എസ്.എഫ്.ഇ.-യുടെ ബ്രാഞ്ചുകളും പ്രഖ്യാപനം

മാത്രമായി. ഭരണകക്ഷി എം..എൽ.എ.-മാരുടെ മണ്ഡലങ്ങളിലെ തകർന്ന റോഡുകൾ മാത്രമാണ് ഗതാഗതയോഗ്യമാക്കിയത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ധനക്കമ്മിയും റവന്യൂ കമ്മിയും കുറയ്ക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു. ഓവർഡ്രാഫ്റ്റ് ഇല്ലാത്ത ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. പൊതുകടം 33.6 ശതമാനമായിരുന്നത് 29.52 ശതമാനമായി കുറയ്ക്കാൻ സാധിച്ചു. പതിനൊന്നാം പദ്ധതിയുടെ ആദ്യ നാലുവർഷങ്ങളിൽ കേരളത്തിന്റെ ജി.എസ്.ഡി.പി. വളർച്ചാനിരക്ക് രാജ്യത്തിന്റെ ജി.എസ്.ഡി.പി. വളർച്ചാ നിരക്കിനേക്കാൾ മുകളിലാണ്. സംസ്ഥാനത്തിന്റെ തനതു നികുതിവരുമാന ത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചു. കേന്ദ്രഫണ്ട് വിതരണത്തിന്റെ കാര്യത്തിൽ ദക്ഷിണേന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നതിന്റെ പകുതിപോലും കേരളത്തിന് നൽകുന്നില്ല. മൂലധനച്ചെലവ് വർദ്ധിപ്പിക്കാൻ സാധിച്ചു. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചു. ആശാ വർക്കേഴ്സ്, അംഗൻവാടി ജീവനക്കാർ, സർക്കസ് കലാകാരന്മാർ, വികലാംഗർ, എൻഡോസൾഫാൻ ദുരിതബാധിതർ തുടങ്ങിയവർക്കെല്ലാം ഈ ഗവണ്മെന്റ് ആനുകൂല്യങ്ങൾ നൽകി.

ശ്രീ. രാജാജി മാത്യു തോമസ്: ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു. വികസനോന്മുഖവും ജനക്ഷേമകരവുമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുകയും മനുഷ്യവിഭവശേഷിയുടെ വികസനത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കുകയും ചെയ്തുകൊണ്ട് വൻതോതിലുള്ള നിക്ഷേപം നടത്താനാണ് ബഡ്ജറ്റിലൂടെ ശ്രമിച്ചിട്ടുള്ളത്. ജനിച്ചുവീഴുന്ന ഓരോ കുട്ടിക്കും 10,000 രൂപയുടെ സ്ഥിരനിക്ഷേപം എൻഡോവ്മെന്റായി

നൽകാനും ഉന്നതവിദ്യാഭ്യാസത്തിന് വൻതുക മാറ്റിവയ്ക്കാനും തയ്യാറായത് ഈ ഗവണ്മെന്റാണ്. ഒല്ലൂർ നിയോജകമണ്ഡലത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ലോകോത്തര സർവ്വകലാശാലയ്ക്കുവേണ്ടി പുത്തൂർ ഗ്രാമപഞ്ചായത്തിൽ 400 ഏക്കർ സ്ഥലം കണ്ടെത്തുകയും 720 കോടി രൂപ ഇതിനായി വകയിരുത്തുകയും ചെയ്തത് സ്വാഗതാർഹമാണ്. സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതിക്കായി ദീർഘവീക്ഷണത്തോടുകൂടി ബഡ്ജറ്റിൽ 40,000 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കേരളത്തിനുമേൽ ബി.ഒ.ടി. വ്യവസ്ഥ അടിച്ചേൽപ്പിക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്തിട്ടുള്ളത്. ദേശീയപാത വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തയ്യാറാകണം. വല്ലാർപാടം അന്താരാഷ്ട്ര ടെർമിനൽ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ ദേശീയപാത 47-ലുണ്ടാകുന്ന ഗതാഗതത്തിരക്കിനനുസൃതമായി റോഡ് വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകണം. ദേശീയ പാത വികസനത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കണം. കാർഷിക സർവ്വകലാശാലയ്ക്ക് 45 കോടി രൂപയുടെ പദ്ധതിവിഹിതം നൽകുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. കാർഷിക സർവ്വകലാശാലയെ മൂന്ന് സർവ്വകലാശാലകളാക്കി വിഭജിക്കുമ്പോൾ സാമ്പത്തിക പ്രതിസന്ധിയുണ്ടാകും. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 150 കോടി രൂപയുടെ അധികബാധ്യത യൂണിവേഴ്സിറ്റിയുടെ മേൽ അടിച്ചേൽപ്പിക്കുകയും അർഹമായ വിഹിതം നൽകാതിരിക്കുകയും ചെയ്തതിനാൽ പെൻഷൻ ഫണ്ട് അടക്കം

വിനിയോഗിച്ച് ചെലവുകൾ നിർവ്വഹിക്കേണ്ട അവസ്ഥയുണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും യൂണിവേഴ്സിറ്റിയുടെ ബാധ്യതകൾ ഏറ്റെടുക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും കഴിയണം. നഗരവികസനത്തിന്റെ ഭാഗമായി ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള ബൈപാസ്സുകളുടെ നിർമ്മാണവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും സംബന്ധിച്ച പ്രഖ്യാപനം സ്വാഗതാർഹമാണ്. തലസ്ഥാനനഗരം ഉൾപ്പെടെ പ്രധാനപ്പെട്ട നഗരങ്ങൾ അഭിമുഖീകരിക്കുന്ന മാലിന്യ സംസ്ക്കരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കണം. ജനോപകാരപ്രദമായ വികസന പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതും അടിസ്ഥാന വികസനപ്രവർത്തനങ്ങൾ നടത്തിയതും ശ്രദ്ധേയമാണ്.

<u>ശ്രീ. വി. എൻ. വാസവൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനജീവിതത്തിന്റെ സമസ്തമേഖലകളിലും ക്രമാനുഗതമായ പുരോഗതി ഉറപ്പാക്കാൻ സഹായിക്കുന്ന ശാസ്ത്രീയമായ സമീപനത്തോടുകൂടിയ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. കാർഷിക-വ്യാവസായിക മേഖലകളിൽ പുരോഗതി കൈവരിക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ സ്തുത്യർഹമാണ്. നാളികേര കൃഷിക്ക് 30 കോടി രൂപയും നെൽകൃഷിക്ക് 29 കോടി രൂപയും വകയിരുത്തിയതിനുപുറമേ അനുബന്ധ കൃഷികൾക്കും വിഹിതങ്ങൾ നിശ്ചിയിച്ചിട്ടുണ്ട്. മൂലധനച്ചെലവ് വർദ്ധിപ്പിക്കാൻ കഴിഞ്ഞു. വൈദ്യുതി മീറ്റർ ചാർജ് ഈടാക്കുന്ന സമ്പ്രദായം നിർത്തലാക്കാനുള്ള തീരുമാനം ശ്രദ്ധേയമാണ്. വൈദ്യുതി രംഗത്ത് അദാലത്തുകൾ സംഘടിപ്പിച്ച് പരാതികൾ പരിഹരിക്കാൻ കഴിഞ്ഞു. പരിവർത്തിത ക്രൈസ്തവർക്ക്, പട്ടിക

ജാതി-പട്ടിക വർഗ്ഗക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കാർഷിക, വ്യാവസായിക, തൊഴിൽ, വിദ്യാഭ്യാസ, ആരോഗ്യ മേഖലകളെ പുരോഗതിയിലേയ്ക്ക് നയിക്കാൻ സഹായിക്കുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ട്. ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി സാമൂഹ്യനീതി ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലൈബ്രറികളുടെ ഓഡിറ്റോറിയങ്ങളെ ലക്ഷ്വറി ടാക്സിൽനിന്നും ഒഴിവാക്കണം. റെയിൽവേ സ്റ്റേഷനുകളിലെ ചെറുകിട കച്ചവടക്കാരെ നികുതിയിൽനിന്ന് ഒഴിവാക്കണം. കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരകത്തിന് തുക വകയിരുത്തണം.

<u>ശ്രീ. വി.ഡി. സതീശൻ:</u> ബഡ്ജറ്റിനെ എതിർക്കുന്നു. തികച്ചും അപ്രായോഗികമായ നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രീൻ ബഡ്ജറ്റെന്നും ജെൻഡർ ബഡ്ജറ്റെന്നും വിശേഷിപ്പിച്ച് അവതരിപ്പിച്ച ബഡ്ജറ്റുകളിലെ വാഗ്ദാനങ്ങളൊന്നും നടപ്പിലാക്കാതെ ജനങ്ങളെ കബളിപ്പിക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചത്. കഴിഞ്ഞ ബഡ്ജറ്റിൽ 50,000 കോടിരൂപയുടെ അതിവേഗ റെയിൽ കോറിഡോർ എന്ന പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും അതിന്റെ സാധ്യതകളെപ്പറ്റി ഇന്നേവരെ ഒരന്വേഷണംപോലും നടത്താത്ത സാഹചര്യത്തിൽ ഈ ബഡ്ജറ്റിൽ 40,000 കോടി രൂപ റോഡ് നിർമ്മാണത്തിന് വകയിരുത്തുന്നുവെന്ന് പറഞ്ഞിരിക്കുന്നത് അവിശ്വസനീയമായ കാര്യമാണ്. 10,000 കോടി രൂപയുടെ റിസഷൻ പാക്കേജ് കൊണ്ടുവന്നെങ്കിലും അതിനുള്ള സാമ്പത്തിക ബാധ്യത വരാനിരിക്കുന്ന സർക്കാരിന്റേമേൽ വച്ചിരിക്കുകയാണ്. 3,000 കോടി രൂപയുടെ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിക്ക് പണം അനുവദിച്ചിട്ടില്ല. കുടിശ്ശിക

കൊടുക്കാത്തതിനാൽ കുടിവെള്ള വിതരണത്തിനുള്ള പൈപ്പുകൾ മാറ്റിയിടാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല. അത്യാവശ്യകാര്യങ്ങൾക്കുപോലും പണം അനുവദിക്കാൻ കഴിയാത്ത സാമ്പത്തിക പ്രതിസന്ധിയാണുള്ളത്. സംസ്ഥാനത്ത് വാറ്റ് നടപ്പാക്കിയതുകൊണ്ടാണ് ഇന്ന് റിക്കാർഡ് നികുതിവരുമാനം ഉണ്ടായിരിക്കുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനയുടെ ഫലമായി ആയിരം കോടിയിൽപ്പരം രൂപയുടെ അധിക നികുതി വരുമാനമാണ് ലഭിച്ചത്. കഴിഞ്ഞ നാലേമുക്കാൽ കൊല്ലവും ഈ സർക്കാരിന് ഒരു പോളിസി ഇനിഷ്യേറ്റീവ് ഇല്ലായിരുന്നു. വികസന കാര്യത്തിൽ വകുപ്പുകൾ തമ്മിൽ സമന്വയം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഒരു സ്വകാര്യനിക്ഷേപവും ഈ കാലഘട്ടത്തിൽ സംസ്ഥാനത്തുണ്ടായിട്ടില്ല. സംസ്ഥാനത്ത് നിക്ഷേപകർക്കായി ഏകജാലക സംവിധാനം ഉണ്ടാക്കാൻ സാധിച്ചില്ല. കേന്ദ്ര വിരുദ്ധ പ്രഭാഷണത്തിനുള്ള രാഷ്ട്രീയ അരങ്ങാക്കി ഈ ബഡ്ജറ്റ് പ്രസംഗത്തെ മാറ്റിയിരിക്കുകയാണ്. ഏറ്റവുംകൂടുതൽ കേന്ദ്ര നിക്ഷേപം ഉണ്ടായതും കേന്ദ്ര പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതുമായ ഒരു കാലഘട്ടമായിരുന്നു ഇത്. ധനക്കമ്മികൂടുന്നതുകൊണ്ട് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥതന്നെ അവതാളത്തിലാകും. 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് മോശമായി എന്ന ആക്ഷേപം വസ്തുതകൾക്ക് നിരക്കാത്തതാണ്. ലോകത്താകമാനം ആഗോള സാമ്പത്തിക മാന്ദ്യമുണ്ടായപ്പോൾ രാജ്യം അതിൽനിന്നും കരകയറുകയാണുണ്ടായത്. കഴിഞ്ഞ അഞ്ചുവർഷം കേരളത്തിൽ വളർച്ചാ മുരടിപ്പും വികസന മാന്ദ്യവുമാണുണ്ടായിരുന്നത്.

സഭ വൈകുന്നേരം 4.02-ന് പിരിഞ്ഞു.